ഉത്തരം

(എ) ഉണ്ട്.

(ബി) കാലതാമസം ഒഴിവാക്കുന്നതിനായി ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

4612,4620,4625,4649,4651,4654,4665,4666,4667,4669,4670,4684, 4686,4687,4689,4690,4691,4692,4698,4702,4757 എന്നീ നക്ഷത്രചിഹ്ന മിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

II അടിയന്തരപ്രമേയം

ആദിവാസി ഭൂമി

മി. സ്പീക്കർ : അട്ടപ്പാടിയിലെ ഷോളയാർ പഞ്ചായത്തിൽപ്പെട്ട നല്ലശിങ്ക, വരനംപാടി ആദിവാസി ഊരുകളിലെ നൂറുകണക്കിന് ഏക്കർ ഭൂമി വ്യാജ ആധാരത്തിലൂടെ റിയൽ എസ്റ്റേറ്റ് മാഫിയ കൈവശപ്പെടുത്തിയതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ. പി. മോഹനൻ, കെ. ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, പാലക്കാട് ജില്ലയിലെ കോട്ടത്തറ വില്ലേജിൽ നല്ലശിങ്ക, വരനംപാടി ഊരുകളിൽപ്പെടുന്ന സർവ്വേ 1275-ൽ ഉൾപ്പെടുന്ന 150 -ഓളം ഏക്കർ ഭൂമി അന്യാധീനപ്പെട്ടുപോയതായി അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസർ 7-5-2010-ന് ഒറ്റപ്പാലം ആർ.ഡി.ഒ.യ്ക്കും ജില്ലാകളക്ടർക്കും റിപ്പോർട്ട് നൽകിയിട്ടുണ്ട്. അട്ടപ്പാടിയിലെ ആദിവാസികൾക്ക് അവകാശപ്പെട്ടതും അവർ കൈവശം വച്ചുവരുന്നതുമായ ഭൂമിയടക്കം കൈമാറ്റം ചെയ്യപ്പെട്ടുവെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ പരിശോധനാവിഭാഗം പ്രാഥമിക അന്വേഷണം നടത്തുകയും വിശദമായ അന്വേഷണത്തിന് ഒറ്റപ്പാലം ആർ.ഡി.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആർ.ഡി.ഒ. യുടെ അന്വേഷണത്തിൽ അഗളി സബ് രജിസ്ട്രാർ ഓഫീസ് നിലവിൽവന്ന 1987 മുതൽ 2009 വരെയുള്ള കാലങ്ങളിൽ സർവ്വേ-1275 -ൽ ഉൾപ്പെട്ട ഭൂമിയെ സംബന്ധിച്ച് 101 പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. സർവ്വേ 1275-ൽ എ ആന്റ് ബി. രജിസ്റ്റർ പ്രകാരം വിസ്തീർണ്ണം 73.8275 ഹെക്ടറാണ്. എന്നാൽ ഈ വിസ്തീർണ്ണത്തിലും കൂടുതൽ ഭൂമി ഈ സർവ്വേ നമ്പരിൽ

LIBRARY ARCHIVES Kerala Legislative Assembly

കൈമാറ്റം ചെയ്തതായി അന്വേഷണത്തിൽ കണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആദിവാസികളുടെ കൈവശമുള്ള ഭൂമിയുടെ കണക്ക് തിട്ടപ്പെടുത്തുന്നതിന് 23-7-2010-ന് കോട്ടത്തറ വില്ലേജിൽവച്ച് തെളിവെടുപ്പ് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിനുള്ള നോട്ടീസ് ബന്ധപ്പെട്ട വ്യക്തികൾക്കും സംഘടനകൾക്കും നൽകുകയും പത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലത്ത് കാറ്റാടിയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. സർജന്റ് റിയാലിറ്റീസ് എന്ന പേരിലുള്ള സ്ഥാപനമാണ് കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഇവിടെ 26 കാറ്റാടി യന്ത്രങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്വകാര്യഭൂമിയിൽ കാറ്റാടിനിലയങ്ങൾ സ്ഥാപിക്കുന്നതിന് സ്വകാര്യസംരംഭകർ നേരിട്ട് ഭൂമിയേറ്റെടുത്ത് നടപ്പാക്കുകയെന്നതാണ് നിലവിലുള്ള മാനദണ്ഡം. ഇതനുസരിച്ചാണ് സർജന്റ് റിയാലിറ്റിസ് ഗവൺമെന്റിന് അപേക്ഷ നൽകിയിട്ടുള്ളത്. രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്ത പ്രമാണങ്ങളും വില്ലേജ് ഓഫീസിൽനിന്നും നൽകുന്ന കൈവശ രേഖകളും പരിശോധിച്ചാണ് ഗവൺമെന്റ് അനുമതി നൽകുന്നത്. ഈ അനുമതി പത്രം ഒരു കാരണവശാലും ഭൂമിയിന്മേലുള്ള അവകാശത്തിനുള്ള അംഗീകാരമല്ല എന്ന് സർക്കാർ തന്നെ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും രീതിയിൽ നിയമവിരുദ്ധമായി ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ട് എന്ന് കാണുന്നപക്ഷം ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ട ഒരു പ്രശ്നവും ഇതിൽ ഇല്ല. ഗവൺമെന്റ് ഉത്തമവിശ്വാസത്തിലെടുത്ത നടപടികളാണ് ഞാൻ ഇവിടെ വിശദീകരിച്ചിട്ടുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ സ്വന്തം ജില്ലയിലാണ് ഈ സ്ഥലം. ഇതിനുമുമ്പ് ഈ സ്ഥലം അദ്ദേഹം സന്ദർശിച്ചിട്ടുമുണ്ട്. ആദിവാസി ഊരുകളിൽ അദ്ദേഹം പോകുന്നതിനുവേണ്ടി സംസ്ഥാനത്തൊട്ടാകെയുള്ള പദ്ധതിയുടെ ഭാഗമായി അദ്ദേഹം ഈ ഊരിലും പോയിട്ടുണ്ട്. ഇവിടെ അങ്ങ് പറഞ്ഞല്ലോ ആധാരം നടത്തി, അനുമതി പത്രം മാത്രമാണെന്ന്. എന്റെ കയ്യിൽ 10, 70-ഓളം ആധാരത്തിന്റെ കോപ്പികളാണ് ഇരിക്കുന്നത്. 2006-സെപ്റ്റംബർ മാസം 28-ാം തീയതി മുതലുള്ള ആധാരങ്ങളാണ് ഇത്. 2006 സെപ്റ്റംബർ മാസം 28 എന്നുപറയുമ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിൽ വന്ന് മൂന്നുമാസം തികയുന്നതിന് മുമ്പ് ഈ ആധാരമെഴുത്ത് തുടങ്ങിയതാണ്. ഈ ആധാരം ഇങ്ങനെ എഴുതുന്നു. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് അന്വേഷണം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതിന്റെ തൊട്ടടുത്ത നിയോജകമണ്ഡലത്തിൽനിന്നുള്ള ജനപ്രതിനിധി, പരാതി കൊടുത്ത് അദ്ദേഹം ഇതിനെക്കുറിച്ചൊരു അന്വേഷണം നടത്തിച്ചു. അദ്ദേഹം നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഡി.എഫ്.ഒ. ഒരു മറുപടി കൊടുത്തിട്ടുണ്ട്. ഡി.എഫ്.ഒ. കൊടുത്ത മറുപടിക്കകത്ത് കയ്യേറ്റം ഉണ്ട് എന്ന് പറയുകയാണ്. ഈ ഭൂമിയുടെ പശ്ചാത്തലം അങ്ങേയ്ക്കറിയാം. ഞാൻ ആവർത്തിക്കുന്നില്ല. ഏതാണ്ട് 180 ഏക്കർ സ്ഥലം മുപ്പിൽനായരുടെ വകയും 50 ഏക്കർ സ്ഥലം അവിടെ വനഭൂമിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വനഭൂമിയായിരിക്കുന്ന പ്രദേശം വേറൊരാൾക്ക് കൈമാറ്റം നടത്തണമെങ്കിൽ എൻ.ഒ.സി. വാങ്ങിക്കണമെന്നത് നിർബന്ധമാണ്. അപ്പോൾ നിയമത്തിന്റെ നഗ്നമായ ലംഘനം നടത്തിക്കൊണ്ട് ഈ ആധാരം അഗളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തുകൊടുത്തിരിക്കുകയാണ്. അങ്ങ് പറഞ്ഞല്ലോ ഇത് അനുമതിപത്രം മാത്രമാണ് എന്ന്. ഇപ്പോൾ ഈ അവസാനത്തെ നിമിഷത്തിലും ഈ ആധാരമെഴുതി വാങ്ങിയിട്ടുള്ള ആളുകളെ സഹായിക്കത്തക്കരീതിയിൽ എന്തുകൊണ്ട് അങ്ങ് മറുപടി പറയുന്നു എന്ന് എനിക്ക് അറിയില്ല. ഇവിടെ 36 ആദിവാസികളെയാണ് കബളിപ്പിച്ചത്. 230 ഏക്കർ സ്ഥലമുള്ളതിനകത്ത് ഇപ്പോൾ എന്റെ കയ്യിലിരിക്കുന്ന ആധാരങ്ങളെല്ലാംകൂടി നോക്കിയാൽ 400 ഓളം ഏക്കർ സ്ഥലത്തിന് അവർ ആധാരമെഴുതി കൊടുത്തിരിക്കുകയാണ്. അപ്പോൾ ആദിവാസികളെ കബളിപ്പിക്കുക മാത്രമല്ല, വനഭൂമി തട്ടിയെടുക്കുക കൂടി ചെയ്തിരിക്കുകയാണ്. അതോടൊപ്പം 230 ഏക്കറിനുപകരം 400 ഏക്കർ അവർ കച്ചവടം ചെയ്യുകയാണ്. ഇതൊരു റിയൽ എസ്റ്റേറ്റ് മാഫിയയാണ്. റിയൽ എസ്റ്റേറ്റ് മാഫിയ ഈ സംരംഭം നടത്തുന്നത് എന്തിനാണ്? കാറ്റാടി യന്ത്രങ്ങൾ അവിടെ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയാണ്. കാറ്റാടിയന്ത്രം പ്രവർത്തിപ്പിക്കുന്ന സ്ഥലത്ത് അവർക്ക് ഈ ഗവൺമെന്റ് സബ്സിഡി കൊടുത്തിട്ടുണ്ട്. സബ്സിഡി വാങ്ങിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇതെല്ലാം നടന്നത്. ഈ ഗവൺമെന്റിന്റെ കീഴിലുള്ള അനെർട്ട് 33 കോടി രൂപയ്ക്കുള്ള പ്രോജക്ടിന് ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തിരിക്കുന്നു. അവസാനം ഞാൻ പറയട്ടെ ഈ സ്ഥലം സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പണയം വച്ച് ലോൺ എടുത്തിട്ട് ആ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് പോലും ഈ ഭൂമി കൈമാറ്റം നടത്തിയതിനെക്കുറിച്ച് അറിഞ്ഞിട്ടില്ല എന്നാണ് പറയുന്നത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് അറിഞ്ഞിട്ടില്ലേ? അവർ ജപ്തി ചെയ്ത സ്ഥലം, അവർ നോട്ടീസ് പതിപ്പിച്ച സ്ഥലം ആ സ്ഥലത്ത് ഈ കൈമാറ്റം നടന്നിട്ടും ഈ ആധാരം നടന്നിട്ടും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് അറിഞ്ഞിട്ടില്ലെന്ന് പറഞ്ഞാൽ ഇതിൽ ഒത്തുകളിതന്നെയാണ് എന്നുള്ളതല്ലേ ബോദ്ധ്യപ്പെടുന്നത്. ഇവിടെ ഏറ്റവും വലിയ ഒരു തട്ടിപ്പുനടക്കുകയാണ്. നല്ലശിങ്ക, വരനംപാടി ഈ രണ്ട് ആദിവാസി ഊരുകളെ കേന്ദ്രീകരിച്ചാണ് ഈ തട്ടിപ്പ് നടത്തിയിട്ടുള്ളത്. അങ്ങ് ഇവിടെ പറഞ്ഞല്ലോ, ഷോളയാർ വില്ലേജിൽ സർവ്വേ നമ്പർ 1275-ൽപ്പെട്ട 150 ഏക്കർ സ്ഥത്തെപ്പറ്റി, ആ സ്ഥലം എത്രയോ കാലമായി ആദിവാസികൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതാണ്. അങ്ങ് ഇവിടെ പറഞ്ഞ ആദിവാസി ഐ.റ്റി.ഡി.പ്രോജക്ട് ഓഫീസർ, കൊടുത്ത റിപ്പോർട്ടിനെക്കുറിച്ച് ഈ ഗവൺമെന്റ് എന്ത് നടപടിയെടുത്തു? പ്രോജക്ട് ഓഫീസർ പറയുന്നു ഈ ഷോളയാർ വില്ലേജിലെ 1275-ാം നമ്പർ സർവ്വേയിൽപ്പെട്ട 150-ൽപ്പരം ഏക്കർ സ്ഥലം 40 വർഷത്തിലേറെയായി നല്ലശിങ്ക ഊരിലേയും വരനംപാടി ഊരിലേയും ആദിവാസികൾ കൈവശം വച്ച് അനുഭവിച്ചുവരുന്നതും അവരവിടെ ടാക്സ് കൊടുക്കുന്നതുമാണ് എന്ന്. അവർ ലാന്റ് ടാക്സ് കൊടുത്തുകൊണ്ടിരിക്കുന്ന ആളുകളാണ്. അതിനുശേഷം അവിടെ ഈ റിപ്പോർട്ടിനകത്ത് പറഞ്ഞിട്ടുള്ള ചില ശുപാർശകളുണ്ട്. അങ്ങ് അതിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് അന്വേഷണം നടത്തുന്നുവെന്നാണ് ഇവിടെ പറയാൻ ശ്രമിച്ചത്. അഗളി രജിസ്ട്രാർ ഓഫീസിൽവന്ന് സ്ഥലം രജിസ്റ്റർ ചെയ്ത് നൽകിയിട്ടില്ലെന്നും അഗളിയിലെ ബിനു എന്ന വ്യക്തിയും ആനക്കട്ടിയിലുള്ള ശങ്കരനാരായണൻ എന്ന ആളും കൂടിയാണ് നല്ലശിങ്ക ഊരിൽവന്ന് ആദിവാസികളോട് സംസാരിച്ച് ഇതെല്ലാം തട്ടിപ്പറിക്കുന്നതിനുവേണ്ടി ശ്രമിച്ചതെന്നുമാണ് അങ്ങയുടെ കീഴിലുള്ള ഉദ്യോഗസ്ഥൻ ഇവിടെ റിപ്പോർട്ട് കൊടുത്തിരിക്കുന്നത്. ഞങ്ങൾക്കായി നൽകിയ സ്ഥലം അളന്നുതിട്ടപ്പെടുത്തിയത് ഞങ്ങളുടെ സാന്നിദ്ധ്യത്തിലല്ലെന്നും ഞങ്ങൾ നൽകിയതിനേക്കാൾ വളരെ കൂടുതൽ സ്ഥലം സ്ഥാപനം കയ്യേറിയെന്നും സ്ഥലവാസികളായ ആദിവാസികൾ വ്യക്തമാക്കിയിട്ടുണ്ടെന്ന് പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിനകത്ത് പറയുകയാണ്. പ്രോജക്ട് ഓഫീസർ പറഞ്ഞിട്ടുള്ളത്, സ്ഥലം നൽകിയ മുഴുവൻ പേരേയും പിന്നീട് ടി ബിനുവും ശങ്കരനാരായണനും അഗളി സ്റ്റേറ്റ് ബാങ്കിനുസമീപമുള്ള ഒരു റൂമിലേയ്ക്ക് വിളിച്ചുവരുത്തുകയും കുറേ മുദ്രപത്രങ്ങളിലും റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച പേപ്പറുകളിലും ഒപ്പിടുവിപ്പിക്കുകയും ചെയ്തുവെന്നാണ് ഇതൊക്കെ അറിഞ്ഞിട്ടും ഈ ഗവൺമെന്റ് എന്ത് നടപടിയാണ് എടുത്തത്? ഇവിടെ എന്ത് ആദിവാസി ക്ഷേമത്തെക്കുറിച്ചാണ് പറയുന്നത് ?

ആദിവാസിക്ഷേമത്തെക്കുറിച്ചല്ലേ പറയുന്നത് ? ഇവിടെ കോട്ടപ്പുറം വില്ലേജിലെ രേഖകൾ പ്രകാരം 1275-ാം നമ്പർ സർവ്വേ നമ്പരിലെ 180 ഏക്കർ മണ്ണാർക്കാട് മൂപ്പിൽനായർ എന്ന ജൻമിയുടെ പേരിലും 50 ഏക്കർ വനഭൂമിയുമാണ്. വനഭൂമി കൊടുക്കുന്നതിനുള്ള നിബന്ധനയെക്കുറിച്ച് ഞാൻ അങ്ങയോട് നേരത്തെ ഓർമ്മിപ്പിച്ചു. വനഭൂമിക്ക് തൊട്ടടുത്ത ഭൂമി കൈമാറ്റം ചെയ്യണമെങ്കിൽ വനം വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാതെ ആ കൈമാറ്റം സാധുവാകില്ല എന്നിരുന്നിട്ടുപോലും അഗളി സബ് രജിസ്ട്രാർ ഓഫീസിനകത്ത് ഈ കാണുന്ന മുഴുവൻ ആധാരത്തിനും രജിസ്ട്രേഷൻ പൂർത്തിയാക്കിക്കൊടുക്കുകയാണ് ഉണ്ടായത്. നല്ലശിങ്ക, വനരപ്പാടി ഊരുകളിൽ സോയിൽ കൺസർവേഷൻ വകുപ്പ് വിവിധ പദ്ധതികൾക്കുവേണ്ടി സർക്കാരിന്റെ പണം മുടക്കിയിട്ടുണ്ട്. ഈ ഗവൺമെന്റിനറിയില്ലേ, അങ്ങേക്ക് അറിയില്ലേ? അങ്ങയുടെ വകുപ്പല്ലേ ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. എന്നിട്ട് ടി പദ്ധതി നടപ്പാക്കുന്നതിന് ആദിവാസി ഊരുകളിൽ നിന്നും കരമടച്ച രസീതും പൊസഷൻ സർട്ടിഫിക്കറ്റും വാങ്ങിയിരുന്നതായും ഈ അന്വേഷണത്തിൽ മനസ്സിലാക്കുന്നു. ഈ സ്ഥലമെല്ലാം തന്നെ ആദിവാസികൾ അറിയാതെ പലരുടെയും പേരിൽ വിൽപ്പന നടത്തിയതായും അഗളി സബ്‌രജിസ്ട്രാർ ഓഫീസിലെ രേഖകളിൽ നിന്നും മനസ്സിലാക്കുന്നു. അങ്ങയുടെ കീഴുദ്യോഗസ്ഥൻ തന്നിട്ടുള്ള റിപ്പോർട്ടാണ്. ഇതിനെതിരെ എന്തു നടപടിയാണ് എടുത്തത്. അങ്ങ് പറഞ്ഞല്ലോ അന്വേഷണം നടത്തുകയാണെന്ന്, ഇതിനെക്കുറിച്ച് അന്വേഷണം നടത്തുന്നുവെന്നല്ലേ പറഞ്ഞത് ? എന്ത് അന്വേഷണമാണ് നടത്തുന്നത്? അങ്ങ് പറഞ്ഞത് അങ്ങേയ്ക്ക് ഈ റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്, 7-5-2010-ൽ ആണെന്നാണ്. എത്ര മാസം കഴിഞ്ഞു, എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? ഒരു നടപടിയും എടുത്തിട്ടില്ല. അവസാനം ഇതിനകത്ത്

സുപ്രധാനമായ ഒരു റെക്കമെന്റേഷൻ ഈ പ്രോജക്ട് ഓഫീസർ തന്നെ കൊടുക്കുന്നുണ്ട്. അങ്ങ് ബോധപൂർവ്വം അക്കാര്യം പറയാതിരിക്കുകയാണ്. ആദിവാസികളുടെ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട് എന്ന് പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ട സാഹചര്യത്തിൽ ആയത് വീണ്ടെടുക്കണമെന്നും സ്ഥലങ്ങളുടെ യഥാർത്ഥ അവകാശികളെ കണ്ടെത്തണമെന്നും ഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ട് 60 ദിവസം കഴിഞ്ഞിട്ടും ഈ ഗവൺമെന്റ് ഒരു നടപടിയും എടുത്തില്ല. ഇവിടെ എന്താണ് നടക്കുന്നത്? അങ്ങ് ഇവിടെ പറഞ്ഞല്ലോ ഇവിടെ ആദിവാസികൾ... അങ്ങ് പറഞ്ഞ ഈ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. സർവ്വേ നമ്പർ എ&ബി. അതിനകത്ത് രജിസ്ട്രേഷൻ വിവരങ്ങൾ.

ആ രജിസ്ട്രേഷൻ വിവരങ്ങളിൽ 1271 മുതൽ അങ്ങനെ രജിസ്ട്രേഷൻ നമ്പർ പോകുകയാണ്. അതിൽ 1273/1 ചാത്തൻ വാവണ്ണൻ എന്നയാളുടെ ഭൂമി തട്ടിയെടുത്തതാണ്. തട്ടിയെടുക്കപ്പെട്ട ഹതഭാഗ്യവാൻമാരായ പാവപ്പെട്ടരുടെ ലിസ്റ്റാണ് ഇത്. അങ്ങേക്ക് പരിശോധിക്കുന്നതിനുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. ഇവിടെ വമ്പിച്ച ഭൂമി തട്ടിപ്പ് നടക്കുകയാണ്. സുപ്രീം കോടതി ഡയറക്ഷൻ നൽകിയിട്ടുണ്ടല്ലേ, എന്താണ് സുപ്രീംകോടതി പറഞ്ഞത്? ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ, അവർക്ക് വനാവകാശം ആറുമാസത്തിനുള്ളിൽ കൊടുക്കണമെന്ന് സുപ്രീം കോടതി പറഞ്ഞ കാലാവധി ഈ ജനുവരി മാസം 27-ാം തീയതി അവസാനിച്ചു. ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടുത്തി തട്ടിയെടുത്തുകൊണ്ടിരിക്കുന്ന ആളുകൾക്ക് അനുകൂലമായ സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ആരാണ് ഈ ഭൂമി തട്ടിയെടുത്തത്? ഭൂ മാഫിയ റിയൽ എസ്റ്റേറ്റുകാർ, അവരാണ് ഈ ഭൂമി തട്ടിയെടുത്തത്. ഇക്കാര്യത്തിൽ ഇനിയെങ്കിലും നടപടിയെടുക്കണം. ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തിയത് ഈ ഗവൺമെന്റ് തിരിച്ച് ഏറ്റെടുക്കണം. വർത്തമാന പത്രങ്ങളൊക്കെ കണ്ടില്ലേ? മാതൃഭൂമി പത്രത്തിന്റെ ഫ്രണ്ട് പേജിൽ ഈ വാർത്ത വന്നിരിക്കുകയാണ്. മലയാള മനോരമ ഇന്നലെയും ഇന്നും ഈ വാർത്ത കൊടുത്തിട്ടുണ്ട്. എന്നിട്ടും ഈ ഗവൺമെന്റ് കണ്ണുകൾ തുറക്കുന്നില്ല എന്നുള്ളതാണ് പാവപ്പെട്ട ആദിവാസികളോട് കാണിക്കുന്ന ഏറ്റവും വലിയ ക്രൂരത. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്വന്തം ജില്ല, ഏറ്റവും കൂടുതൽ ആദിവാസിസ്നേഹത്തെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കുന്ന വ്യക്തി ,എന്നിട്ടും അങ്ങ് സന്ദർശിച്ചിട്ടുള്ള ഈ സ്ഥലത്ത് നടത്തിക്കൊണ്ടിരിക്കുന്ന ഭൂമിതട്ടിപ്പിനെക്കുറിച്ച് ഈ സഭ നിർത്തിവച്ച് ചർച്ച വേണ്ട ഒന്ന് അങ്ങ് പറഞ്ഞാൽ, ഈ മാഫിയയെ കൂട്ടുപിടിക്കുന്ന അവർക്ക് വക്കാലത്ത് പിടിക്കുന്ന സമീപനമാണ് അങ്ങയുടേത് എന്നു പറയേണ്ടിവരും അതുകൊണ്ട് സഭ നിർത്തിവച്ച് ഈ കാര്യത്തെക്കുറിച്ച് സജീവമായി ചർച്ച ചെയ്യണമെന്നും ഈ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഈ ഭൂമി പാവപ്പെട്ട ആദിവാസികൾക്ക് മടക്കിക്കൊടുക്കണമെന്നും ഈ കുഴപ്പം കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ ഉടനടി നടപടിയെടുത്ത് പുറത്താക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഒരിക്കൽകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പൊതു വികാരത്തോട് ഗവൺമെന്റ് പരിപൂർണ്ണമായി യോജിക്കുകയാണ്. ഈ രൂപത്തിൽ കൈമാറ്റം ചെയ്യപ്പെട്ടതും അനധികൃതമായി കൈവശം വയ്ക്കുന്നതുമായ ഭൂമി തിരിച്ചുപിടിച്ച് ആദിവാസികൾക്ക് കൊടുക്കുക എന്ന സന്ദേശമാണ് ഞാൻ നടത്തിയ ഊർ സന്ദർശന യാത്രയുടെ ഒരു പ്രധാനപ്പെട്ട ഉദ്ദേശ്യം. അതിന്റെ ഭാഗമായിട്ട് തന്നെയാണ് അട്ടപ്പാടിയിൽ അന്യാധീനപ്പെട്ട ഭൂമി, ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചത്. അതിന്റെ തുടർച്ച എന്ന രീതിയിലാണ് അട്ടപ്പാടിയിൽ 7-5-2010-ന് ഒറ്റപ്പാലം ആർ.ഡി.ഒ-ക്ക് ഐ.റ്റി.ഡി.പി. ഓഫീസർ റിപ്പോർട്ട് കൊടുത്തത്. ഐ.റ്റി.ഡി.പി. ഓഫീസർ റിപ്പോർട്ട് പുഴ്ത്തിവയ്ക്കുകയല്ല ചെയ്തത്. ഇവിടെ ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടുന്നു നഷ്ടപ്പെടുന്നു എന്ന റിപ്പോർട്ടാണ് കൊടുത്തത്. ഇതിന് അനുബന്ധമായി രജിസ്ട്രേഷൻവകുപ്പിന്റെ ചാർജ് വഹിക്കുന്ന ശ്രീ. ശർമ്മ ഒരു കാര്യം കൂടി ചെയ്തു. അട്ടപ്പാടി അഗളി പ്രദേശങ്ങളിലെ ആദിവാസി ഭൂമി അന്യാധീനപ്പെട്ടത് സംബന്ധിച്ച് പരിശോധിക്കാനായി ഒറ്റപ്പാലം ആർ.ഡി.ഒ., മണ്ണാർക്കാട് ഡി.എഫ്.ഒ., പാലക്കാട് ഡപ്യൂട്ടി രജിസ്ട്രാർ, എന്നിവർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിച്ചു. ഈ സമിതി 2010 ഏപ്രിൽ, ജൂൺ മാസങ്ങളിൽ സിറ്റിംഗ് നടത്തി ഈ കമ്മിറ്റിയുടെ പരിശോധനയുടെ ഭാഗം കൂടിയായിട്ടാണ് ഈ തട്ടിപ്പിനെ സംബന്ധിച്ച വിവരങ്ങൾ പത്രങ്ങൾ പുറത്തുകൊണ്ടുവന്നത്. ഗവൺമെന്റിന് ഇതിൽ യാതൊന്നും ഒളിച്ചുവയ്ക്കാനില്ല. ശക്തമായ നിലപാട് ഗവൺമെന്റ് എടുക്കുമെന്ന് പറഞ്ഞാൽ എടുത്തിരിക്കും എന്ന് ബഹുമാനപ്പെട്ട സഭയ്ക്കും മെമ്പർക്കും ഉറപ്പുനൽകുകയാണ്. നമുക്കറിയാം ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിന് രണ്ട് നിയമം നമ്മൾ ഉണ്ടാക്കി. 1975-ലെ റെസ്റ്റോറേഷൻ ആന്റ് റെസ്ട്രിക്ഷൻ ഓഫ് റീ അലൈനേഷൻ ഓഫ് ലാൻഡ്. ശ്രീ. ഇസ്മയിൽ ഇവിടെ റവന്യൂ വകുപ്പുമന്ത്രിയായിരിക്കുന്ന കാലത്തും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് നമ്മൾ നിയമം കൊണ്ടുവന്നു. പക്ഷേ ആ നിയമം പൂർണ്ണമായി നടപ്പാക്കാ നമുക്ക് കഴിഞ്ഞില്ല. അത്തരമൊരു സാഹചര്യത്തിലാണ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന കേന്ദ്ര ആദിവാസി നിയമം ശക്തമായി ഇവിടെ നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തിയത്. അതിനെപ്പോലും ഉടക്ക് വയ്ക്കുന്നതിനുള്ള നടപടികൾ ഈ കേരളത്തിലെ ഭൂ മാഫിയസംഘവും ചിലരും നടത്തിയിട്ടുണ്ട് എന്നുള്ളതുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഭൂമി അന്യാധീനപ്പെട്ടതിന് കാരണക്കാർ ആരൊക്കെയാണെന്ന് നമുക്കെല്ലാമറിയാം. എന്തുകൊണ്ട് രണ്ട് നിയമങ്ങളും നടപ്പാക്കാൻ കഴിഞ്ഞില്ല. 1975-ൽ നമ്മൾ നിയമം കൊണ്ടുവന്നില്ലേ? നടപ്പിലാക്കാൻ കഴിഞ്ഞോ? 1999-ൽ നമ്മൾ നിയമം കൊണ്ടുവന്നില്ലേ നടപ്പിലാക്കാൻ കഴിഞ്ഞോ? അതിന് എല്ലാ ആളുകളും കുറ്റവാളികൾ തന്നെയാണ്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്ന ആദിവാസികൾക്ക് വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി മറ്റേതൊരു സംസ്ഥാന ഗവൺമെന്റിനെക്കാളും ശുഷ്കാന്തിയോടും രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

ഇച്ഛാശക്തിയോടുംകൂടി ഞങ്ങൾ ഇവിടെ നടപ്പാക്കുന്നത്. ഉറപ്പിച്ച് ഞാൻ പറയാം ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഒരു സെന്റ് ഭൂമിയുണ്ടെങ്കിൽ ആ ഒരു സെന്റ് ഭൂമി വരെ പിടിച്ചെടുക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കും. അതിന് യാതൊരു സംശയവും പ്രതിപക്ഷത്തിന് വേണ്ട. ഇവിടെ ഉദ്യോഗസ്ഥർ ഏതെങ്കിലും രൂപത്തിലുള്ള തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആരേയും ഞങ്ങൾ സംരക്ഷിക്കുകയില്ല. ഇതുമായി ബന്ധപ്പെട്ട് രണ്ട് ഉദ്യോഗസ്ഥരുടെ പേരിൽ സസ്പെൻഷൻ നടപടി സ്വീകരിച്ചു. ഒന്ന് നല്ലശിങ്ക ഭൂമിയുമായി ബന്ധപ്പെട്ടുകൊണ്ട് കൈവശ സർട്ടിഫിക്കറ്റ് കൊടുത്ത ശ്രീമതി ഉഷാകുമാരിയെ സസ്പെന്റ് ചെയ്തു. ശ്രീ. പീറ്ററെ സസ്പെന്റ് ചെയ്തു. സർവ്വേ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് തിരിമറി നടത്തുന്ന പ്രഗത്ഭരായ സർവ്വേ ഉദ്യോഗസ്ഥരെയും റവന്യൂ വകുപ്പ് സസ്പെന്റ് ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രത്തോളം പാവപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കിയ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. 1,50,000 പട്ടയമാണ് റവന്യൂ വകുപ്പിന്റെ കീഴിൽ വിതരണം ചെയ്തത്. പൂർണ്ണമായി എന്നൊന്നും ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നത് കേൾക്കൂ. അറുപത് പട്ടയ മേളകൾ വച്ച് ഈ കേരളത്തിലെ ഭൂമിയില്ലാത്ത പാവങ്ങൾക്ക് 1,50,000 കുടുംബങ്ങളെ ഭൂമിയുടെ ഉടമയാക്കിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കേരളത്തിലെ ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമം അതിന്റെ പൂർണ്ണ അർത്ഥത്തിലും വ്യാപ്തിയിലും ഈ കേരള ഗവൺമെന്റാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിനകം 12500 ഏക്കർ ഭൂമി ഞങ്ങൾ വിതരണം നടത്തി 16000-ഓളം ഏക്കർ ഭൂമി വിതരണം നടത്തുന്നതിനുള്ള നടപടിയായി. രണ്ടുമാസം കൊണ്ട് അത് പൂർത്തിയാക്കാൻ പോകുകയാണ്. ഇതിനിടയിൽ ഏതെങ്കിലും ഒരു മാനിപ്പുലേഷന് ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ ഏതെങ്കിലും ആൾക്കാരോ നേതൃത്വം കൊടുക്കുന്നുണ്ടെങ്കിൽ യാതൊരു സംശയവും വേണ്ട അവരെ നിയമത്തിന് മുൻപിൽ കൊണ്ടുവരും. ഏതായാലും ഈ വിഷയം അന്വേഷിക്കുന്നതിനു വേണ്ടി കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അന്വേഷണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ അന്വേഷണവുമായി ബന്ധപ്പെട്ടുകൊണ്ട് കളക്ടർ ചൂണ്ടിക്കാണിക്കുന്നഎല്ലാവരുടെയും പേരിൽ മാതൃകാപരമായ ശിക്ഷാ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഞാൻ ഉറപ്പുനൽകുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പണയം വച്ച ഭൂമിപോലും കള്ള ആധാരം നടത്തി കൊണ്ടുപോയിട്ടുണ്ട്. അത് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് അറിഞ്ഞിട്ടില്ലേ ?

ശ്രീ. എ.കെ. ബാലൻ : സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മുൻപിൽ ആധാരം വരുമ്പോൾ ലീഗൽ ഓഫീസർ അതിനെ സർട്ടിഫൈ ചെയ്യും. അവരെ സംബന്ധിച്ചിടത്തോളം ടൈറ്റിൽ, കൈവശ സർട്ടിഫിക്കറ്റ്, ഇൻകമ്പറൻസ് സർട്ടിഫിക്കറ്റ്, ലീഗൽ സർട്ടിഫിക്കറ്റ് ഇതാണ് അവർ നോക്കുക. പിന്നെ അതിന്റെ ഉള്ളിലേയ്ക്ക് കടന്ന് ഈ ഭൂമി ശരിയാണോ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്ന വെറോസിറ്റിയെ സംബന്ധിച്ച് ക്രെഡിബിലിറ്റിയെ സംബന്ധിച്ച് ഒരു സ്ഥാപനവും നോക്കില്ല. ആ രൂപത്തിൽത്തന്നെയാണ് സഹകരണ ബാങ്കും നടത്തിയിട്ടുള്ളത്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചിട്ടുള്ള പ്രശ്നത്തിന് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ മറുപടി നൽകിയിട്ടുണ്ട്. അദ്ദേഹം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ചില ഇഷ്യൂകൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ട സന്ദർഭത്തിൽ തന്നെ കഴിഞ്ഞ എതാനും മാസങ്ങൾക്കുമുമ്പ് ആർ. ഡി. ഒ. ഡി. എഫ്. ഒ, ഡിസ്ട്രിക് രജിസ്ട്രാർ എന്നീ മൂന്ന് പേരടങ്ങുന്ന ഒരു സമിതി രൂപീകരിച്ചു. ഇതിന്റെ യഥാർത്ഥ വസ്തുത ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യണമെന്ന് അവരോട് പറഞ്ഞു. അതനുസരിച്ച് അവർ സിറ്റിംഗ് നടത്തി, അത് പൂർണ്ണമായിട്ടില്ല. ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നം വളരെ ഗൗരവമുള്ള പ്രശ്നം തന്നെയാണ്. അതിന്റെ ഗൗരവത്തെ ഒരിക്കലും കുറച്ച് കാണുന്നില്ല. ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഈ രജിസ്ട്രേഷനുമായി, തട്ടിപ്പുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാമുണ്ടോ അതെല്ലാം ഇപ്പോൾ കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ കളക്ടറുടെ റിപ്പോർട്ട് വന്നതിനുശേഷം, ഒരു ആഴ്ചയ്ക്കുള്ളിൽ എല്ലാ വശങ്ങളും പരിശോധിച്ചുകൊണ്ട് കളക്ടറുടെ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിക്കും. ഏതെങ്കിലും തരത്തിൽ, ഏതെങ്കിലും വിധത്തിൽ നടപടിക്രമങ്ങൾ തെറ്റിക്കുകയോ ക്രമവിരുദ്ധമായി കൂട്ട് നൽക്കുകയോ ആദിവാസികളുടെ ഭൂമി തട്ടിപ്പറിച്ച് എടുക്കുന്നതിന് മാഫിയാ സംഘങ്ങൾക്ക് ഏതെങ്കിലും ഉദ്യോഗസ്ഥനോ ആരെങ്കിലുമോ ഏതെങ്കിലും സന്ദർഭത്തിൽ വാക്ക് കൊണ്ടുപോലും കൂട്ട് നിന്നിട്ടുണ്ടെങ്കിൽ അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരും, കർശനമായ നടപടി സ്വീകരിക്കും. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുകയില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഈ പ്രശ്നം വളരെ ഗൗരവമായിട്ട് എടുക്കുമെന്ന് ഇവിടെ പറഞ്ഞതിൽ സന്തോഷമുണ്ട്. പക്ഷേ നിങ്ങൾ പറഞ്ഞ രീതിയിലല്ല അവിടെ കാര്യങ്ങൾ നീങ്ങുന്നത്. ഞാൻ ചൂണ്ടിക്കാണിക്കുന്ന രണ്ടുമൂന്ന് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. 2010 മാർച്ച് 10-ാം തീയതി ആദിവാസി ഭൂമിയുടെ സംരക്ഷണ നിയമത്തിന് വിരുദ്ധമായി കോട്ടത്തറ വില്ലേജ്

ഉദ്യോഗസ്ഥന്മാർ സർട്ടിഫിക്കറ്റുകൾ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അവർ കൊടുത്ത എല്ലാ സർട്ടിഫിക്കറ്റുകളും ക്യാൻസൽ ചെയ്യണമെന്ന് പറഞ്ഞ് ആർ.ഡി.ഒ. തഹസിൽദാർക്ക് നിർദ്ദേശം കൊടുത്തു. ആ നിർദ്ദേശം ഇന്നു വരെ നടപ്പിലാക്കിയിട്ടില്ലെന്നാണ് മാധ്യമങ്ങളിൽ വന്നിരിക്കുന്നത്. 1275 എന്നുപറഞ്ഞ ഒരു സർവ്വേ നമ്പറിലെ തട്ടിപ്പാണ് ഇപ്പോൾ പുറത്ത് വന്നിരിക്കുന്നത്. അത് വളരെ ഭയാനകമാണ്. കാരണം 150 ഏക്കർ ആദിവാസി ഭൂമി, 50 ഏക്കർ വനഭൂമി. അവിടെ ആദിവാസി ഭൂമിയുമില്ല, വനഭൂമിയുമില്ലയെന്ന് പറഞ്ഞ് സർട്ടിഫിക്കറ്റ് കൊടുത്ത്, സർവ്വേ 1275 എന്ന് പറഞ്ഞ ആ സർവ്വേ നമ്പരാണ് ഇന്ന് വിവാദമായത്. ആ കൂട്ടത്തിൽ 1272, 1273, 1276 എന്നീ മൂന്ന് സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിയിലും ഇതുപോലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്. അത് അന്വേഷിക്കണമെന്ന് പറഞ്ഞിട്ട് ഇതുവരെ അന്വേഷണമായിട്ടില്ല. ആദിവാസികളുടെ ഭൂമി തട്ടിയെടുത്തെന്നും അവിടെ ക്രമക്കേട് ഉണ്ടായി എന്നും ഗവൺമെന്റിന് ബോധ്യപ്പെട്ടു. എന്നിട്ട് അതിന്റെ ഗൗരവമനുസരിച്ചുള്ള നടപടികൾ അവിടെയുണ്ടായിട്ടുണ്ടോ? അവിടെയാണ് ഞങ്ങൾക്ക് സംശയം. ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമായിട്ട് എടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞു, അത് ഗൗരവമായിട്ട് എടുക്കേണ്ട കാര്യമാണ്. പക്ഷേ ഇത് പുറത്തറിഞ്ഞതിനുശേഷവും അവിടെ നടന്നിട്ടുള്ള കാര്യങ്ങൾ പരിശോധിച്ചാൽ ആ ഗൗരവം ഉൾക്കൊണ്ടിട്ടില്ല. എന്നു വേണം കരുതാൻ. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ബാലൻ ഇവിടെ പറഞ്ഞ പ്രോജക്ട് ഓഫീസറുടെ എൻക്വയറി റിപ്പോർട്ട് വളരെ വ്യക്തമല്ലേ? നിങ്ങളുടെ ഡിപ്പാർട്ടുമെന്റിൽപ്പെട്ട ഒരു ഉന്നത ഉദ്യോഗസ്ഥൻ പരിശോധിച്ചിട്ട്എത്ര വസ്തുനിഷ്ഠമായിട്ടുള്ള കാര്യങ്ങളാണ് പറഞ്ഞത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞതുകൊണ്ട് റിപ്പോർട്ടിന്റെ കാര്യങ്ങളൊന്നും ഞാൻ ഉദ്ധരിക്കുന്നില്ല. ഇത്ര വ്യക്തമായി ആദിവാസികളെ എങ്ങനെയാണ് കബളിപ്പിച്ചത്? റിയൽ എസ്റ്റേറ്റ് മാഫിയ ഇവിടെ എങ്ങനെയാണ് പ്രവർത്തിക്കുന്നത്? അവരെ വിളിക്കുക, അവരെ സൽക്കരിക്കുക, അവർക്കുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുക എന്നിട്ട് അവരെക്കൊണ്ട് ഒപ്പിടുവിക്കുക എന്നിട്ട് അവരോട് പറയുന്നതിനെക്കാൾ കൂടുതൽ സ്ഥലം കൈവശപ്പെടുത്തി എടുക്കുക. ആ പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ട് കിട്ടിയിട്ട് ഈ സംഭവത്തിന്റെ ഗൗരവമനുസരിച്ച് ഗവൺമെന്റ് ഇവിടെ ആക്ട് ചെയ്തിട്ടുണ്ടോ? അതാണ് എനിക്ക് അറിയേണ്ടത്. ആദിവാസികളുടെ ഭൂമിയിൽ ഇത്ര പകൽ കൊള്ള നടത്തിയവർ, അവർ ആരൊക്കെയാണ് അവർ കൊള്ള നടത്തിയത് എങ്ങനെയാണെന്ന് ബോധ്യപ്പെട്ട് 7-5-2010-ന് റിപ്പോർട്ട് കിട്ടിയിട്ട് ഈ ഗൗരവമനുസരിച്ചുള്ള നടപടികൾ ഇന്നുവരെയായിട്ടില്ല. ഇത്രയും ഗൗരവത്തിനനുസരിച്ചുള്ള നടപടികൾ ഉണ്ടായിട്ടില്ല. അവിടെ ഒരു വില്ലേജിൽ നടന്നിട്ടുള്ള 52 ആധാരങ്ങളാണ് ഇന്ന് ചർച്ചാവിഷയമായിരിക്കുന്നത്. ഇതിൽ ആരെയൊക്കെയാണ് കബളിപ്പിച്ചിരിക്കുന്നത്? റവന്യൂ വകുപ്പിനെ കബളിപ്പിച്ചു. വില്ലേജ് ഓഫീസർ പോയി അതിന്റെ അതിര് പരിശോധിച്ച് അതിന്റെ സ്കെച്ച് തയ്യാറാക്കണമെന്ന് റവന്യൂ വകുപ്പിൽ വ്യക്തമായി വ്യവസ്ഥയുണ്ട്. ഇവിടെ വില്ലേജ് ഓഫീസർ പോയില്ല. സ്കെച്ച്

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ ഓഫീസിൽ ഉണ്ടാക്കണമെന്നാണ് വ്യവസ്ഥ. ഇവിടെ സ്കെച്ച് ഉണ്ടാക്കിയത് എങ്ങനെയാണെന്നറിയാമോ? ഈ കമ്പനിയുടെ കമ്പ്യൂട്ടറിൽ സ്കെച്ച് ഉണ്ടാക്കിക്കൊണ്ട് ചെന്നിട്ട് അവരെക്കൊണ്ട് ഒപ്പിടുവിക്കുക മാത്രമാണ് ചെയ്തത്. അവിടെ ഈ വില്ലേജിൽ ആദിവാസി ഭൂമിയില്ല, വന ഭൂമിയില്ലെന്ന് പറഞ്ഞ് നേരിട്ട് സർട്ടിഫിക്കറ്റ് കൊടുക്കുകയാണ്. ഇത് റവന്യൂ ഡിപ്പാർട്ടുമെന്റിൽ നടന്ന കൃത്രിമങ്ങളാണ്. എന്നിട്ട് വൈദ്യുതി വകുപ്പിൽ ഇത് കാണിച്ചു. വൈദ്യുതി വകുപ്പിൽ ആധാരം കാണിച്ചു കഴിഞ്ഞപ്പോൾ അവർക്ക് വേറെ ഒന്നും ചെയ്യാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ഇത് വൈദ്യുതി വകുപ്പിൽ കാണിച്ച് അവിടെ നിന്നും കോടിക്കണക്കിന് രൂപയുടെ സബ്സിഡി വാങ്ങുന്നു. ഇവിടെ രജിസ്ട്രേഷൻ വകുപ്പിനേയും കബളിപ്പിക്കുന്നു. ഇത് കഴിഞ്ഞിട്ടാണ് തിരുവനന്തപുരത്തുവന്ന് സംസ്ഥാന സഹകരണ വകുപ്പിൽ നിന്ന് ലോണുമെടുത്തുകൊണ്ട് പോകുന്നത്. അപ്പോൾ ഈ രാജ്യത്ത് എന്താണ് നടക്കാത്തത്? ബഹുമാനപ്പെട്ട ശ്രീ. ബാലൻ, ഞാൻ ആക്ഷേപമായിട്ട് പറയുകയല്ല. പക്ഷേ ഇതെല്ലാം നടന്നത് 2006 മുതൽ 2009 വരെയാണ്. ഇവിടെ റവന്യൂ വകുപ്പിനെയും രജിസ്ട്രേഷൻ വകുപ്പിനെയും വൈദ്യുതി വകുപ്പിനെയും സഹകരണ വകുപ്പിനെയും തട്ടിച്ച് സബ്സിഡിയും ലോണും ആധാരവും ആദിവാസികളെ വഴിയിലിറക്കിവിടലുമൊക്കെ നടന്നിട്ടും അതിന്റെ ഗൗരവമനുസരിച്ചുള്ള നടപടികളായിട്ടില്ല. എനിക്ക് പറയാനുള്ളത് ഇതിനെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം വേണം. ഏത് വിധത്തിലുള്ള അന്വേഷണമാണെന്ന് നിങ്ങൾ തീരുമാനിച്ചോ. ഞങ്ങൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് നിയമസഭയുടെ ഒരു സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ്. കാരണം നിങ്ങൾക്കായിരിക്കുമല്ലോ ഭൂരിപക്ഷം. പക്ഷേ അവിടെ നടക്കുന്നത് എന്താണെന്ന് അറിയേണ്ടേ? ഇത്രയും പ്രകടമായിട്ടുള്ള ആക്ഷേപം ..... ഇത് യഥാർത്ഥത്തിൽ ഇതിനകത്ത് ഏറ്റവുമധികം പരാതി പറയേണ്ടത് ,ഗവൺമെന്റാണ്. ഇവിടെ ഗവൺമെന്റിനെയാണ് ഏറ്റവുമധികം കബളിപ്പിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ നാല് ഡിപ്പാർട്ടുമെന്റുകളെ കബളിപ്പിച്ചിട്ട് സബ്സിഡി വാങ്ങിച്ചിരിക്കുന്നു, എന്നിട്ട് ലോൺ എടുക്കുന്നു. എന്തുമാകാമെന്ന നിലയാണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഇതിനെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണം. അടിയന്തരമായി അവിടെ ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ച് നൽകണം. ബഹുമാനപ്പെട്ട ബാലൻ, അങ്ങയെ കബളിപ്പിച്ചുക്കൊണ്ട് അവിടെ കാറ്റാടി യന്ത്രം പ്രവർത്തിപ്പിക്കുന്നവരെക്കൊണ്ട്, അങ്ങേയ്ക്ക് തന്റേടമുണ്ടെങ്കിൽ ഇന്ന് അവിടത്തെ പ്രവർത്തനം നിർത്തി വയ്പ്പിക്കണം. അതാണ് ചെയ്യേണ്ടത്, കാരണം എന്താണ്? ഇവിടെ ആദിവാസികളെ കളിപ്പിച്ചില്ലേ; വൈദ്യുതി വകുപ്പിനെ കബളിപ്പിച്ചില്ലേ; വനഭൂമി തട്ടിയെടുക്കുന്നു. ഇവർക്കെതിരെ നടപടിയെടുക്കാൻ തന്റേടം കാണിക്കണം. അതുകൊണ്ട് ഇതിനകത്ത് വന്നുചേർന്നിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് എതിരെ, ഇതിനകത്ത് പങ്ക് ചേർന്നിട്ടുള്ള മറ്റുള്ള വ്യക്തികൾക്കെതിരെ, ഞാൻ ആ വ്യക്തികളും രാഷ്ട്രീയവുമൊന്നും ഇവിടെ പറയുന്നില്ല. പക്ഷേ ആരായിരുന്നാലും അവരുടെ പേരിൽ നടപടിയെടുക്കണം. ആ കമ്പനികളുടെ പ്രവർത്തനം അവസാനിപ്പിക്കണം. ഒരു സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം നടത്തണം. ഈ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ ഒരു തീരുമാനമെടുക്കുമെങ്കിൽ ഞാൻ ഇവിടെയിരിക്കും. അല്ലെങ്കിൽ പുറത്ത് പോകും.

ശ്രീ. എ. കെ. ബാലൻ : ഇതിൽ ഉത്തമവിശ്വാസത്തോടുകൂടിയാണ് ഞാനും ബഹുമാനപ്പെട്ട ശർമ്മയും മറുപടി പറഞ്ഞിട്ടുള്ളത്. ഈ അടിയന്തര പ്രമേയം കൊണ്ടുവന്നിട്ടുള്ളത് വേറെയേതെങ്കിലും ഒരു ദുരുദ്ദേശം വച്ചു കൊണ്ടാണോയെന്നറിയില്ല. ഗവൺമെന്റിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്. ഇതിൽ കുറ്റക്കാരെ കണ്ടുപിടിക്കുകയും ശിക്ഷിക്കുകയും വേണം. അതിന്റെ ഭാഗമായിട്ടാണ് എന്റെ വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ ഒരു റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. ആ റിപ്പോർട്ടിന്മേൽ ആക്ഷനെടുത്തു തുടങ്ങുകയും അതിനായി കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. കളക്ടറുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമായി ആലോചിച്ച് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ഉമ്മൻ ചാണ്ടി : ഇന്ന് അവിടത്തെ പ്രവർത്തനം നിർത്തിവയ്പ്പിക്കണം. സമഗ്രമായ ഒരു അന്വേഷണം വേണം. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ ഒരു മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി : സർ, സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നടന്നിട്ടുള്ള വമ്പിച്ച തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും തിരിമറിയുടെയും ചരിത്രമാണ് ഇത്. ബഹുമാനപ്പെട്ട എ. കെ. ബാലനോട് ഞാൻ ചോദിക്കുകയാണ്, അങ്ങും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശർമ്മയും ഉത്തമ വിശ്വാസത്തോടുകൂടിയാണ് സ്റ്റേറ്റ്മെന്റ് നടത്തിയത് എന്ന് അങ്ങ് പറഞ്ഞു. ബഹുമാനപ്പെട്ട ശർമ്മ ഉത്തമവിശ്വാസത്തോടുകൂടിയാണ് സ്റ്റേറ്റ്മെന്റ് നടത്തിയതെന്ന് അങ്ങേയ്ക്ക് എങ്ങനെയാണ് പറയാൻ കഴിയുന്നത് ? ട്രൈബൽ സമൂഹത്തിന്റെ താല്പര്യം സംരക്ഷിക്കേണ്ട അദ്ദേഹം അത് സംരക്ഷിക്കുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം. വൻകിട എസ്റ്റേറ്റ് കമ്പനികൾക്കുവേണ്ടിയല്ലേ നിങ്ങൾ നിലകൊള്ളുന്നത് ? അവരുടെ തിരിമറിക്ക് നിങ്ങൾ കൂട്ടുനിൽക്കുകയല്ലേ? ഇതൊക്കെ വളരെ വ്യക്തമല്ലേ? 1275 സർവ്വേ നമ്പറിൽ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ 10-3-2010-ൽ ഇത് റദ്ദ് ചെയ്യണം എന്ന ആർ.ഡി.ഒ.യുടെ ഉത്തരവ് തഹസീൽദാർക്ക് നൽകി അങ്ങ് പറഞ്ഞതനുസരിച്ചാണെങ്കിൽ 7-5-2010-ൽ ഐ.ടി.ഡി.പി. ഓഫീസറുടെ റിപ്പോർട്ട് കിട്ടിയിരിക്കുന്നു. ഇവിടെ തിരിമറി നടന്നിരിക്കുന്നുവെന്ന റിപ്പോർട്ട് കിട്ടിയിരിക്കുന്നു. നടപടിയെടുത്തോ ? സമിതി കൂടി ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നാണ് ബഹുമാനപ്പെട്ട ശർമ്മ പറയുന്നത്. ഇത്ര വ്യക്തമായ തിരിമറി

10.00 AM

LIBRARY ARCHIVES Kerala Legislative Assembly

നടന്നിട്ടും ഇത്രയും മാസങ്ങൾക്കുമുമ്പ് റിപ്പോർട്ട് കിട്ടിയിട്ടും ഇത് റദ്ദ് ചെയ്യുവാൻ അങ്ങ് നടപടി സ്വീകരിച്ചോ ? അതാണ് പ്രധാനപ്പെട്ട വിഷയം. ഇത് റദ്ദ് ചെയ്യാതെ ഫയലിന്മേൽ ഇരിക്കുന്ന മന്ത്രിയെപ്പറ്റി എന്തുപറയാനാണ്. അങ്ങയുടെ വർത്തമാനം കേട്ടാൽ എത്ര ശക്തമാണ്. ഫയലിന്മേൽ അടയിരിക്കുകയല്ലേ അങ്ങ് ചെയ്യുന്നത് ? ഇവിടെ 1975-ലെ നിയമമുണ്ട്. ആദിവാസി റെസ്ട്രിക്ഷൻ, വനഭൂമി ട്രാൻസ്ഫർ ചെയ്യുന്നതിന് റെസ്ട്രിക്ഷൻ നിയമം ഉണ്ടായിരുന്നു. 1986-ലാണ് അത് പ്രാബല്യത്തിൽ കൊണ്ടുവന്നത്. അതിനെതിരെ പ്രക്ഷോഭം.....

ശ്രീ. എ. കെ. ബാലൻ : 1975-ലെ ആദിവാസി ഭൂമി നിയമം നടപ്പിലാക്കാൻ ബഹുമാനപ്പെട്ട കെ. എം. മാണി തയ്യാറാണോ ?

ശ്രീ. കെ. എം. മാണി : ഇത് അരിയെത്രയാണെന്ന് ചോദിച്ചാൽ പയറ് അഞ്ഞാഴി എന്നാണോ പറയുന്നത്. 1975-ലെ നിയമം 1986-ലാണ് പ്രാബല്യത്തിൽ കൊണ്ടുവരാൻ ശ്രമിച്ചത്. ഇവിടെയുള്ള രാഷ്ട്രീയ കക്ഷികൾ മുഴുവൻ അതുമായി ബന്ധപ്പെട്ടിട്ടില്ലേ. 1975-ലെ നിയമം 1986-വരെ നടപ്പിലാക്കാൻ കഴിഞ്ഞില്ല. 1986-ൽ നടപ്പിലാക്കാൻ കഴിഞ്ഞപ്പോൾ ഒരുപാട് കൃഷിക്കാർ അവരുടെ കൈവശമിരുന്ന ഭൂമി പോകുമെന്ന് പേടിച്ച് പ്രക്ഷോഭണം നടത്തി. അതിനുശേഷം 1999-ൽ ഇവിടെ നിയമം കൊണ്ടുവന്നു. ഇവിടെ ആദിവാസികളുടെ ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യുന്നതിനും പകരം എല്ലാ ആദിവാസികൾക്കും മിനിമം ഒരേക്കർ ഭൂമിയെങ്കിലും കൊടുക്കുന്നതിനുള്ള നിയമം കൊണ്ടുവന്നു. ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് ശ്രീ. എ. കെ. ബാലൻ സമ്മതിക്കണ്ടേ? ആദിവാസികളുടെ ഭൂമി കൈമാറ്റം ചെയ്യണമെങ്കിൽ കളക്ടറുടെ സർട്ടിഫിക്കറ്റ് വേണ്ടേയെന്ന് ഞാൻ ചോദിക്കുകയാണ്. കളക്ടറുടെ സർട്ടിഫിക്കറ്റ് വേണം. മിനിമം ആർ.ഡി.ഒ.യുടെ സർട്ടിഫിക്കറ്റെങ്കിലും വേണം. ആദിവാസികളുടെ ഭൂമിയാണെങ്കിൽ അത് കൈമാറ്റം ചെയ്യണമെങ്കിൽ കളക്ടറുടെ അനുവാദം വേണമെന്ന നിയമം നിലവിലിരിക്കെ, കളക്ടറുടെ അനുമതി വാങ്ങിയ്ാണോ, ഈ അറുപതിൽപ്പരം ആധാരങ്ങൾ ചെയ്തത് എന്ന് ഞാൻ ചോദിക്കുകയാണ്. ചെയ്തിട്ടില്ലെങ്കിൽ ഗുരുതരമായ തട്ടിപ്പല്ലേ ഇവിടെ നടന്നിരിക്കുന്നത്. അതുപോലെതന്നെ കൊടുക്കുന്ന സർട്ടിഫിക്കറ്റിനകത്ത് ഇനം ഭൂമി, അതായത് ബാങ്കിൽ പണയം വയ്ക്കാൻ ഭൂമി കൊടുക്കുമ്പോൾ പൊസെഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, എഫ്.എം. സ്കെച്ച് ഇതെല്ലാം കൊടുക്കണം. ഈ എഫ്.എം. സ്കെച്ച് തയ്യാറാക്കിയത് കമ്പ്യൂട്ടറിലാണ്. വില്ലേജ് ഓഫീസർ സ്ഥലത്തുപോയി സ്ഥലം കാണണം. സ്ഥലത്തുപോയി പരിശോധിച്ചിട്ടാണ് എഫ്.എം. സ്കെച്ച് തയ്യാറാക്കേണ്ടത്. അതിനുപകരം കമ്പനി കമ്പ്യൂട്ടറിൽ തയ്യാറാക്കിക്കൊടുത്തതിൽ ഒപ്പിട്ടുകൊടുത്തിരിക്കുകയാണ്. ഇത് വനഭൂമിയാണോ, ട്രൈബൽ ഭൂമിയാണോ, ഇനം വല്ലതും കാണിച്ചിട്ടുണ്ടോ ? വനംഭൂമിയല്ല ട്രൈബൽ ഭൂമിയല്ലെന്നാണ് സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുന്നത്. ഇതിനൊക്കെ ഈ ഗവൺമെന്റ് സമാധാനം പറയണ്ടേ? 27 ഏക്കർ ഭൂമി മാത്രമേ 1275

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ നമ്പറിൽ ആ കമ്പനിക്ക് ഭൂമിയുള്ളൂ. എന്നിട്ട് 400 ഏക്കർ ഭൂമി കൊടുത്തു. ഈ നിലയിൽ വമ്പിച്ച തട്ടിപ്പാണ് ഇവിടെ നടന്നിട്ടുള്ളത്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയിൽ, അഗളിയിലെ രാജമ്മാ ളുടെ പത്ത് ഏക്കർ സ്ഥലത്ത് ഒരു റിസോർട്ട് മാഫിയ രണ്ട് നില കെട്ടിടം പണിതിരിക്കുകയാണ്. അങ്ങേയ്ക്ക് നാണമില്ലേ? ഈ രീതിയിൽ ആദിവാസി കളുടെ ഭൂമി മുഴുവൻ ഇവിടെ തിരിമറി നടത്തപ്പെടുന്നു, കൈമാറ്റം ചെയ്യപ്പെ ടുന്നു. മറിച്ചുവിൽക്കപ്പെടുന്നു. കൂട്ടനാട്ടിൽ ആർ ബ്ലോക്കിലെ പാവപ്പെട്ട ആളുക ളുടെ ഭൂമിയിൽ തിരിമറി നടത്തിയതുപോലെതന്നെ ഇവിടെയും തിരിമറിനടക്കുകയാണ്. ആദിവാസികളെ ദ്രോഹിക്കുന്ന ഗവൺമെന്റിന്റെ ഈ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ആദിവാസികളുടെ ഭൂമി തട്ടിപ്പ് കാര്യത്തിൽ ഈ ഗവൺമെന്റ് ഏറ്റവും വലിയ അനാസ്ഥയാണ് കാണിച്ചിട്ടു ള്ളത്. നമ്മുടെ സംസ്ഥാനത്ത് ഭൂമാഫിയകളും റിയൽ എസ്റ്റേറ്റ് മാഫിയകളും വിലസുകയാണ്. കേന്ദ്ര നിയമങ്ങളും അതുപോലെതന്നെ സംസ്ഥാന നിയമ ങ്ങളുമെല്ലാം നിലവിലുണ്ടായിരുന്നിട്ടുപോലും ആദിവാസികളുടെ ഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുക യാണ്. റവന്യൂ വകുപ്പിനേയും സഹകരണ വകുപ്പിനേയും രജിസ്ട്രേഷൻ വകുപ്പിനേയും വനം വകുപ്പിനേയും കബളിപ്പിച്ചുകൊണ്ടുള്ള ഈ പ്രവർത്ത നങ്ങൾക്കെതിരായി യാതൊരു നടപടിയും സ്വീകരിക്കാത്ത ഒരു ഗവൺമെന്റാണ് ഇന്ന് നമ്മുടെ സംസ്ഥാനം ഭരിക്കുന്നത്. 7-5-2010-ൽ ഐ.റ്റി.ഡി.പി. ഓഫീസറുടെ ഒരു റിപ്പോർട്ട് കിട്ടിയിട്ട് ഇത്രയും മാസങ്ങൾ കഴിഞ്ഞിട്ടും ഒരു നടപടിയും സ്വീകരിക്കാത്തതിനാൽ ഇത് ഗവൺമെന്റിന്റെ അറിവോടുകൂടി തന്നെയാണ് ഈ തട്ടിപ്പുകളെല്ലാം നടത്തിയിട്ടുള്ളത് എന്നു വേണം കരുതാൻ. ആ റിപ്പോർട്ട് കിട്ടിയ ഉടനെതന്നെ ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാമായിരുന്നു. 2006 മുതൽ 2009 വരെയുള്ള ഈ ഇടപാടുകൾ നടത്തി ഗവൺമെന്റിനെ കബളിപ്പിച്ച, ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. അതോടൊപ്പം ഈ ക്രമക്കേടുകളെല്ലാം തന്നെ ശരിക്ക് മനസ്സിലാക്കിയിട്ടുപോലും സർട്ടിഫിക്കറ്റുകൾ കാൻസൽ ചെയ്യണമെന്ന് റിപ്പോർട്ട് ചെയ്തിട്ടുപോലും ആ സർട്ടിഫിക്കറ്റുകൾ ഒന്നും റദ്ദ് ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഈ തിരിമറി കണ്ടെത്തി നടപടി സ്വീകരിക്കു ന്നതിനും അതുപോലെതന്നെ ആദിവാസി ഭൂമി സംരക്ഷിക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടു. അതിപ്രധാനമായ ഈ പ്രശ്നം ഇവിടെ ചർച്ച ചെയ്യാൻ അവസരം നൽകാത്തതിലും, പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ നിയമസഭ സമിതിയെക്കൊണ്ട് ഒരു സമഗ്രമായ അന്വേഷണം നടത്തി ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരാൻ ഗവൺമെന്റ് തയ്യാറാകാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷകക്ഷിയംഗങ്ങൾ അല്പ സമയത്തിനുശേഷം വീണ്ടും ഹാജരായി.)

LIBRARY ARCHIVES Kerala Legislative Assembly

III ശ്രദ്ധ ക്ഷണിക്കൽ

(1) കായികതാരങ്ങൾക്ക് ക്ഷേമനിധി

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ കായികരംഗത്ത് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തെ മുൻനിർത്തിക്കൊണ്ട് ഒരു ക്ഷേമനിധി രൂപീകരിക്കണമെന്നുള്ളതാണ് എന്റെ ഈ കാളിംഗ് അറ്റൻഷന്റെ മുഖ്യമായ ഉദ്ദേശം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ നാല് വർഷങ്ങൾ കായിക രംഗത്ത് വൻനേട്ടങ്ങളുണ്ടാക്കിയ വർഷങ്ങളാണ്. ആരാധ്യയായ ഇൻഡ്യൻ പ്രസിഡന്റുതന്നെ കേരളത്തിൽ വന്ന് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി ഉത്ഘാടനംചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 24. ലക്ഷത്തിലധികം കുട്ടികളെ പരിശോധിച്ചു. ആകെ വിദ്യാർത്ഥികളിൽ 14 ശതമാനം മാത്രമേ കായികക്ഷമതയുള്ള കുട്ടികളുള്ളു. ജി. വി. രാജ സ്പോർട്സ് സ്കൂളിന്റേയും കണ്ണൂരിലെ സ്പോർട്സ് ഡിവിഷൻ സ്കൂളിന്റേയും പ്രവർത്തനത്തിൽ നന്നായിത്തന്നെ ഇടപെട്ട് അവ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമം നമ്മുടെ സ്പോർട്സ് മന്ത്രി നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽത്തന്നെ പ്രാദേശിക സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു. നാഷണൽ ഗെയിംസ് നടത്തുന്നതിനുവേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും മന്ത്രി നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കായികരംഗത്ത്, ദേശീയനിലവാരത്തിലും സംസ്ഥാന നിലവാരത്തിലും അന്തർദ്ദേശീയനിലവാരത്തിലും സംഭാവന നൽകാൻ കഴിയുന്ന കായികതാരങ്ങൾ ഇന്ന് ഈ രംഗത്ത് ഉറച്ച് നിൽക്കുന്നില്ല എന്ന് അങ്ങേയ്ക്കുതന്നെ അറിയാം. രക്ഷകർത്താക്കൾ കുട്ടികൾ കായികരംഗത്ത് നിൽക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. ഇന്ന് അവരുടെ ജീവിതത്തിൽ സുരക്ഷിതത്വം ലഭിക്കുമെന്ന് ഒരു ഉറപ്പുമില്ല. ഒരു കായികതാരത്തെ വാർത്തെടുക്കുന്നതിൽ പ്രാരംഭഘട്ടത്തിൽ രക്ഷകർത്താക്കൾക്ക് ഒരുപാട് ബുദ്ധിമുട്ടുകളും സാമ്പത്തിക പ്രയാസങ്ങളുമൊക്കെത്തന്നെ അനുഭവിക്കേണ്ടി വരികയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള ഏതാണ്ട് മുപ്പത്തിയെട്ടോളം വരുന്ന കായിക ഇനങ്ങൾതന്നെ ഇന്ന് സംസ്ഥാനത്തുണ്ട്. സ്കൂൾതല മത്സരങ്ങൾ, സർവ്വകലാശാലതല മത്സരങ്ങൾ, മറ്റ് സംസ്ഥാന അന്തർദ്ദേശീയ മത്സരങ്ങൾ തുടങ്ങിയവയിൽ വർഷംതോറും പതിനായിരക്കണക്കിലേറെ കായികതാരങ്ങൾ മത്സര രംഗത്ത് വരികയാണ്. ഇവരിൽ പലരും നല്ല നിലവാരം പുലർത്തുന്നവരാണ്. അങ്ങനെ നല്ല നിലവാരം